**പതിനാലാം കേരള നിയമസഭ**

**പതിനൊന്നാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത നിയമസഭാ ചോദ്യം നമ്പർ 3738-**

**2018 ജൂൺ 21-നുള്ള മറുപടിയ്ക്ക്**

ഹൗസ് ബിൽഡിംഗ് അഡ്വാൻസ്

| | ചോദ്യം<br>ശ്രീ.ഷാഫി പറമ്പിൽ എം എൽ എ | മറുപടി<br>ഡോ.ടി.എം.തോമസ് ഐസക്<br>ബഹു.ധനകാര്യവും കയറും വകുപ്പ് മന്ത്രി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്ക് അനുവദിക്കുന്ന ഹൗസ് ബിൽഡിംഗ് അഡ്വാൻസിന്റെ പലിശ എത്രയാണ്; | സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള ഭവന നിർമ്മാണ വായ്പയുടെ പലിശ 8 ശതമാനമാണ്. |
| (ബി) | പ്രസ്തുത പലിശ സർക്കാരിന് ലാഭകരമാണോ; 2018-19 സാമ്പത്തിക വർഷത്തിൽ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് നിർത്തലാക്കിയിട്ടുണ്ടോ; | സർക്കാരിനെ സേവിക്കുന്ന ജീവനക്കാർക്കുള്ള ആശ്വാസമെന്ന നിലയ്ക്കാണ് ഒരു ക്ഷേമ പദ്ധതി എന്ന രീതിയിൽ ഭവന നിർമ്മാണ വായ്പാ പദ്ധതി നടപ്പാക്കിയത്. മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽ നിന്നുള്ളതു പോലെ ലാഭേച്ഛയോടെ അല്ലാതെയും അൽപം കുറഞ്ഞ നിരക്കിലാണ് (നിലവിൽ 8%) സർക്കാരിന്റെ ഭവന നിർമ്മാണ വായ്പയ്ക്ക് പലിശ നിശ്ചയിച്ചിട്ടുള്ളത്. എന്നാൽ ഭവന വായ്പയെടുക്കുന്ന ജീവനക്കാർ ടി പലിശയ്ക്ക് പുറമെ 2% ഫീസ് (വായ്പാ തുകയുടെ മേൽ) വസ്തു സർക്കാരിലേക്ക് പണയപ്പെടുത്തുമ്പോഴും പണയ വസ്തു വിട്ടുവിക്കുമ്പോഴും വായ്പാ മുതലിന്റെയും പലിശയുടെയും മേൽ വീണ്ടും 2% മോർട്ഗേജ് ഫീസ് നൽകുന്നുണ്ട്. പൊതു മാർക്കറ്റിലെ നിരക്ക് (flexible rate) സാമ്പത്തിക സ്ഥിതിഗതികൾ അനുസരിച്ച് ചിലപ്പോൾ സർക്കാർ ഭവന വായ്പയുടെ പലിശ നിരക്കിനേക്കാളും കുറഞ്ഞു വരാം. അപ്പോഴും സർക്കാർ ഭവന വായ്പയുടെ പലിശയിൽ മാറ്റമുണ്ടാകുന്നില്ല. ഭവന നിർമ്മാണ വായ്പ പദ്ധതി നിർത്തലാക്കിയിട്ടില്ല. |
| (സി) | 2017-18 സാമ്പത്തിക വർഷത്തിൽ ഹൗസ് ബിൽഡിംഗ് അഡ്വാൻസ് ഇനത്തിൽ എത്ര കോടി രൂപ സംസ്ഥാന ബഡ്ജറ്റിൽ അനുവദിച്ചിരുന്നു; അതിൽ എത്ര കോടി രൂപ ചെലവഴിച്ചു; ശേഷിച്ച തുക | 2017-18 സാമ്പത്തിക വർഷത്തിൽ ഭവന നിർമ്മാണ വായ്പയ്ക്ക് ആകെ 231 കോടി രൂപയാണ് ബഡ്ജറ്റിൽ വകയിരുത്തി-യിട്ടുള്ളത്. അതിൽ 2017-18 വർഷം ആകെ 49,94,55,000/-രൂപ ഭവന നിർമ്മാണ വായ്പ |

| | | |
|---|---|---|
| | എത്രയാണ്;പ്രസ്തുത തുക എന്ത് കൊണ്ടാണ് വിനിയോഗിക്കാതിരുന്നത്; | അനുവദിക്കുന്നതിനായി വിവിധ സർക്കാർ വകുപ്പകളിലേക്ക് അലോട്ട്മെന്റായി നൽകി കഴിഞ്ഞു. 2017-18-ലെ അർഹതാ ലിസ്റ്റിൽ നിന്നും മുൻഗണനാ പ്രകാരം ഘട്ടം ഘട്ടമായി വായ്പ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി 50 കോടി രൂപ ഉടൻ അനുവദിക്കുവാൻ നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | 2017-18 സാമ്പത്തിക വർഷത്തിൽ സർക്കാർ ജീവനക്കാരുടെ ഹൗസ് ബിൽഡിംഗ് അഡ്വാൻസിനായി തയ്യാറാക്കിയ മുൻഗണന പട്ടികയിൽ എത്ര പേർ ഉൾപ്പെട്ടിരുന്നു; അതിൽ എത്ര പേർക്ക് തുക അനുവദിച്ചു; ഇനി എത്ര പേർക്ക് തുക അനുവദിക്കാനുണ്ട്; | 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാനതല സംയോജിത ഭവന നിർമ്മാണ വായ്പ മുൻഗണനാപ്പട്ടികയിൽ ആകെ 2889 പേർ ഉൾപ്പെട്ടിരുന്നു. അതിൽ 344 അപേക്ഷകളിൽ വായ്പ അനുവദിക്കുവാനായി തുക അലോട്ട് ചെയ്തിരുന്നു. വായ്പ വേണ്ടെന്ന് അറിയിച്ചവരെ മാറ്റി നിർത്തിയാൽ ടി പട്ടികയിൽ 2500 പേരാണ് അവശേഷിക്കുന്നത്. |
| (ഇ) | മുൻഗണന പട്ടികയിൽ ഉൾപ്പെട്ട ബഹുഭൂരിപക്ഷം ജീവനക്കാരും പണം ലഭിക്കാതെ ഒരു വർഷക്കാലമായി ബുദ്ധിമുട്ട് അനുഭവിക്കുന്നതും ഇവരുടെ വസ്തു സംബന്ധമായ ആധാരം ഉൾപ്പെടെ പതിനൊന്നോളം അസ്സൽ പ്രമാണം സർക്കാർ/ വകുപ്പ് മേധാവികളുടെ കൈവശമാണെന്നതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? | ഭവന നിർമ്മാണ വായ്പയ്ക്ക് അപേക്ഷകർ വസ്തുവിന്റെ പ്രമാണം ഉൾപ്പെടെയുള്ള രേഖകൾ സമർപ്പിക്കേണ്ടതുണ്ട്. ആയത് അതാത് വകുപ്പ് തലവന്റെ സംരക്ഷണത്തിലാണ്. 2017-18-ലെ ലിസ്റ്റിൽ-പ്പെട്ടവർക്ക് മുൻഗണനാ അടിസ്ഥാനത്തിൽ ഘട്ടം ഘട്ടമായി എച്ച്.ബി.എ നൽകാൻ തീരുമാനിച്ചിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**